# 27 ജൂൺ 2010

# പെന്തിക്കൊസ്തിക്കുശേഷം അഞ്ചാം ഞായർ

## ലൂക്കോ 9:57-62

ഫാ. ഗീവർഗീസ് കൈതവന

വി. ലൂക്കോസ് എഴുതിയ സുവിശേഷം ഒൻപതാം അദ്ധ്യായം ആരംഭിക്കുന്നത് യേശുക്രിസ്തു അപ്പസ്തോലന്മാരെ അയയ്ക്കുന്ന സംഭവവും അവസാനിക്കുന്നത് ശിഷ്യത്വം ആവശ്യപ്പെടുന്ന ത്യാഗങ്ങൾ വിവരിച്ചുകൊണ്ടുമാണ്. യേശുവിന്റെ മൂന്നു യാത്രകളിൽ ഒന്നാം യാത്ര 9:50 ൽ അവസാനിക്കുന്നു. തുടർന്ന്, ജറുസലേമിനെ ലക്ഷ്യമാക്കിയുള്ള അവന്റെ രണ്ടാമത്തെ യാത്ര ആരംഭിക്കുന്നു. ജറുസലേമാണ് അവന്റെ യാത്രയുടെ ലക്ഷ്യം (9:52). ജറുസലേം പീഡാനുഭവത്തിന്റെയും മരണത്തിന്റെയും സ്ഥലമാണ്. അതിനാൽ യാത്ര മരണത്തിലേക്കാണ്. മരണത്തിലേക്കുള്ള യാത്രയിൽ അനുഗമിക്കുന്നവരും അതിനാഗ്രഹിക്കുന്നവരുമായ ശിഷ്യന്മാർക്കുണ്ടായിരിക്കേണ്ട മനോഭാവമാണ് സുവിശേഷം നൽകുന്നത്.

### 1. ശിഷ്യത്വം ഒരു വെല്ലുവിളിയാണ്.

ആദ്യം നമുക്ക് മൂന്നാമത്തെ ആളിന്റെ ആവശ്യത്തിനു ക്രിസ്തു നൽകിയ മറുപടി നോക്കാം. “കലപ്പയിൽ കൈവച്ചിട്ടു പിന്തിരിഞ്ഞു നോക്കുന്ന ഒരുവനും സ്വർഗരാജ്യത്തിനു യോഗ്യനല്ല”. മറ്റു ജീവിതശൈലികൾ പോലെയല്ല ക്രിസ്തു ശിഷ്യന്റേത്. മറ്റു പരിഗണനകൾ അവനില്ല. ഇറങ്ങിപ്പുറപ്പെട്ടാൽ എന്തു വിലകൊടുത്തും ജീവിതത്തിന്റെ അവസാനംവരെ ലക്ഷ്യം സംരക്ഷിക്കണം. ഉദാത്തമായ വ്യക്തിത്വമാണ് ക്രിസ്തു അവനിൽനിന്ന് ആവശ്യപ്പെടുന്നത്. ശിഷ്യത്വത്തോടുള്ള വിശ്വസ്തതയായിരിക്കണം അനുഗമിക്കുന്നവന്റെ മുഖമുദ്ര. ശിഷ്യത്വവ്രതങ്ങളിൽ ബ്രഹ്മചര്യത്തോടുള്ള വിശ്വസ്തതയായി ഇതിനെ വ്യാഖ്യാനിക്കാം.

### 2. ശിഷ്യത്വം മുൻഗണന നൽകുന്നു.

ഒരുവന്റെ അനന്തമായ സാധ്യതകളെ മാറ്റിനിർത്തി, ‘നീ പോയി ദൈവരാജ്യം പ്രസംഗിക്കുകയെന്ന’ മുൻഗണനയാണ് ശിഷ്യത്വം ആവശ്യപ്പെടുന്നത്. മറ്റെല്ലാം അതിനുശേഷം. ദൈവരാജ്യത്തെ കർമ്മമാർഗമാക്കി മാറ്റുന്നവനാണ് ശിഷ്യൻ. അനുസരണമെന്ന വ്രതത്തിന്റെ പ്രാധാന്യം ഇവിടെ കാണാം. എന്റെ ഇഷ്ടാനുഷ്ടങ്ങളല്ല, ദൈവത്തിന്റെ ഹിതം നിറവേറ്റുകയെന്നതാണ് പരമപ്രധാനം. എന്റെ ഇഷ്ടങ്ങൾ, മാർഗങ്ങൾ പൂർണതയല്ല, ആപേക്ഷികങ്ങൾ മാത്രം. അതിനാൽ യേശു പറയുന്നതു കേൾക്കുക, അതിനു മുൻഗണന നൽകുക. ക്രിസ്തുവിന് മുൻഗണന നൽകുന്ന ഒരു ജീവിതശൈലിയാണ് ശിഷ്യത്വത്തിന്റേത്.

### 3. ശിഷ്യത്വം സുരക്ഷിതമല്ല.

ശിഷ്യത്വം സുരക്ഷിതമായ ഇടങ്ങൾ ചൂണ്ടിക്കാട്ടുന്ന സങ്കേതങ്ങളല്ല. എവിടെപ്പോയാലും അനുഗമിക്കും എന്ന് വികാരാവേശത്തോടു പറഞ്ഞവനോടു ക്രിസ്തു ഒരു രണ്ടാമൂഴം നൽകുന്നു. ചിന്തയുടെ രണ്ടാമൂഴം. ഇറങ്ങിപ്പുറപ്പെടണോ? ഈ മാർഗം അരക്ഷിതാവസ്ഥയാണ്. പ്രകൃതിയുടെ

ജീവജാലങ്ങൾക്കുള്ള സംരക്ഷണം പോലുമില്ലാത്ത ജീവിതം. ദാരിദ്ര്യമെന്ന വ്രതത്തിനർത്ഥം തെളിവാർന്നിവിടെ ദർശിക്കാം. ആശ്രയം ദൈവത്തിലർപ്പിച്ച് ശിഷ്യത്വം പുഷ്ടിപ്പെടുത്താം. ഏശയ്യാ പ്രവാചകന്റെ പുസ്തകത്തിൽ നാം കേട്ടു; "ദൈവത്തിലാശ്രയിക്കുന്നവർ വീണ്ടും ശക്തി പ്രാപിക്കും" (40:31). അങ്ങനെ നല്ല ശിഷ്യന്മാരായിത്തീരുക.

*******************